# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2485

09/03/2018-ൽ മറുപടിയ്ക്ക്

### കരുനാഗപ്പള്ളി ന്യൂഎക്സലൻസി ബാറിനെതിരെ കേസ്

| ചോദ്യം<br>ശ്രീ.റോജി എം.ജോൺ | ഉത്തരം<br>ശ്രീ. റ്റി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) കരുനാഗപ്പള്ളി ന്യൂ എക്സലൻസി ബാറിൽ അനധികൃത കൗണ്ടർ പ്രവർത്തിക്കുന്നത് കണ്ടെത്തിയതിനെത്തുടർന്ന് പ്രസ്തുത ബാറിനെതിരെ കേസ് എടുത്തിരുന്നോ;<br><br>(ബി) ബാർ ലൈസൻസിലെ ഏതൊക്കെ വ്യവസ്ഥകൾ ലംഘിച്ചതിനാണ് പ്രസ്തുത സ്ഥാപനത്തിനെതിരെ കേസെടുത്തത്; | (എ) യും (ബി) യും സർവ്വീസ് ഡെസ്കിൽ ചട്ടപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കാതിരുന്നതിനും, മദ്യം ബാറിൽ നിന്നും കുപ്പിയിൽ പുറത്തേയ്ക്ക് കൊണ്ടുപോകാൻ അനുവദിച്ചതിനും, ആയത് ലൈസൻസ് വ്യവസ്ഥകളുടെ ലംഘനമായതിനാൽ അബ്കാരി നിയമം 56 (ബി) വകുപ്പ് പ്രകാരം കേസ് എടുത്തിട്ടുണ്ട്. |
| (സി) പ്രസ്തുത കേസ് കൈകാര്യം ചെയ്ത കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എൻ.എസ്.സുരേഷിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ അതിനുള്ള കാരണമെന്താണ്; അദ്ദേഹത്തിനെതിരെ ന്യൂ എക്സലൻസി ബാറുടമ പരാതി നല്കിയിരുന്നോയെന്ന് വ്യക്തമാക്കുമോ? | (സി) യും (ഡി) യും ഉണ്ട്. എക്സൈസ് സേനക്ക് അവമതിപ്പ് ഉണ്ടാകുന്ന തരത്തിൽ ഡെപ്യൂട്ടി കമ്മീഷണർ നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ.എൻ.എസ്.സുരേഷിനെ 12.02.2018-ൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ